**ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വ മിഷൻ - ഖരമാലിന്യ (അജൈവം) സംസ്കരണ മേഖലയിൽ S&A Design Hills LLP എന്ന ഏജൻസിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 31.12.2014ലെ സ.ഉ (സാധാ) നം. 3508/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.08.2018-ൽ ചേർന്ന 29-ാമത് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനം.
3. 06.03.2024 - ലെ 1561/C4/2024/SM നമ്പർ താൽപര്യപത്രം.
4. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.02.2025 ലെ SM/1743/2024-C4- Part(1) നമ്പർ നടപടിക്രമം
5. 19.09.2025 തീയതിയിൽ കൂടിയ ശുചിത്വമിഷൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനം.

നമ്പർ : SM/1829/2025-C4 തീയതി: 16-10-2025

**ഉത്തരവ്**

ഖരമാലിന്യ (അജൈവം) സംസ്കരണ മേഖലയിൽ സേവനം നൽകുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1) പ്രകാരം ശുചിത്വമിഷന് അനുമതി നൽകി ഉത്തരവായിരുന്നു.

പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവനദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ ഖരമാലിന്യ (സാനിറ്ററി വേസ്റ്റ്, C&D വേസ്റ്റ്, മുടി മാലിന്യം) ശേഖരണത്തിന് യോഗ്യരായ ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള താൽപര്യപത്രം (EoI) ക്ഷണിച്ചിരുന്നു. ആയത് പ്രകാരം S&A Design Hills LLP എന്ന ഏജൻസി അപേക്ഷ സമർപ്പിച്ചിരുന്നു.

ഖരമാലിന്യ (അജൈവം) സംസ്ക്കരണ മേഖലയിൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (4) പ്രകാരം സാങ്കേതിക സമിതി പുനർ

രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (5) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ S&A Design Hills LLP എന്ന ഏജൻസി സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസിയെ ഹൗഹോൾഡ് സാനിറ്ററി മാലിന്യ ശേഖരണം ഫോർവേഡ് ലിങ്കേജ് എന്ന മേഖലയിൽ എംപാനൽ ചെയ്യുന്നതിന് സാങ്കേതിക സമിതി നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, മേൽ സൂചിത ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള S&A Design Hills LLP, Building No. 24/1701, Heiley space 2nd Floor KC Arcade, Kakkanad, Ernakulam- 682037, എന്ന ഏജൻസിക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാവായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| S&A Design Hills LLP,<br>Building No. 24/1701, Heiley space 2nd Floor KC Arcade, Kakkanad, Ernakulam-682037<br>Mob: 8111882244/9947893617<br>Email : suchigoindia@gmail.com | Empaneled for collection and forward linkage of Household sanitary waste. |

**നിബന്ധനകൾ**

1. ഈ അംഗീകാരത്തിൻ്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തേക്കായിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. സേവനദാതാക്കൾ എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുൻപായി മാലിന്യം ശേഖരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം/ ലൊക്കേഷൻ സംബന്ധിച്ച വിവരങ്ങൾ, ശേഖരിച്ച മാലിന്യത്തിന്റെ ഫോർവേഡ് ലിങ്കേജിനായും, സംസ്കരണത്തിനായും കൈമാറ്റം ചെയ്ത വിവരങ്ങൾ, KEIL-ൽ നിന്നും ലഭിച്ച രസീതുകൾ സഹിതം, ഇ-മെയിൽ മുഖാന്തിരം ലഭ്യമാകേണ്ടതും, എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെൻ്റിൻ്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. സർക്കാർ അംഗീകരിച്ച ഏതെങ്കിലും കൺസഷൻ എഗ്രിമെന്റിന്റെ ഭാഗമായി മറ്റ് ഏജൻസികൾക്ക് അനുവദിക്കുന്ന സ്ഥലങ്ങളിൽ നിന്നും/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നിന്നും സാനിറ്ററി മാലിന്യം ശേഖരിക്കുവാൻ പാടില്ല.

4. സാനിറ്ററി മാലിന്യ ശേഖരണത്തിനായി ഏർപ്പെട്ടുത്തിരിക്കുന്ന ജീവനക്കാരുടെ വിവരങ്ങളും അവരുടെ ആരോഗ്യ പരിശോധനാ റിപ്പോർട്ടുകൾ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതും, ഇത് ആവശ്യപ്പെട്ടുന്ന മുറയ്ക്ക് ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.
5. സാനിറ്ററി മാലിന്യം ശേഖരിക്കുന്നതിന് മുൻപായി മേഖല സംബന്ധിച്ച അനുമതി ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റു ബന്ധപ്പെട്ട ഏജൻസികളുടെയും ആവശ്യമായ അനുമതികൾ ഏജൻസി നിർബന്ധമായും നേടണം. KEIL ഒഴികെയുള്ള മറ്റ് ഇൻസിനറേഷൻ സൗകര്യങ്ങൾ ഏജൻസി ഉപയോഗിക്കുന്നുവെങ്കിൽ, ആ ഇൻ സിനറേഷൻ യൂണിറ്റിന് അനുവദിച്ചിട്ടുള്ള പരിധിയിൽ നിന്ന് മാത്രമേ സാനിറ്ററി മാലിന്യ ശേഖരണം നടത്താവൂ.
6. സർക്കാർ നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതുമായ നിരക്കിനെക്കാൾ ഉയർന്ന തുക യൂസർ ഫീസായി ഈടാക്കാൻ പാടില്ല.
7. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള മഞ്ഞ ബാഗുകൾ ഉപയോഗിച്ച് മാത്രമേ സാനിറ്ററി മാലിന്യ ശേഖരണം നടത്തേണ്ടത്, ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
9. എംപാനൽ ചെയ്യപ്പെടുന്ന ഏജൻസി, അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ പ്രകാരം പ്രവർത്തിക്കേണ്ടതും, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ ഉറപ്പു വരുത്തി, സോളിഡ് വേസ്റ്റ് മാനേജ്മെൻറ് റൂൾസ്, 2016 (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത്) പ്രകാരമുള്ള സ്റ്റാൻ്റേർഡ്സ് പാലിക്കേണ്ടതുമാണ്.
10. സേവന ദാതാക്കൾ അവർ ഏറ്റെടുക്കുന്ന പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), ഉപഭോക്താക്കളുടെ വിവരം, പ്രോജക്ട് ലൊക്കേഷൻ എന്നിവ) നിർബന്ധമായും രജിസ്റ്റർചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വമിഷനിൽ ഹാജരാക്കേണ്ടതുമാണ്.
11. സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്ക് അംഗീകാരം നൽകിയിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
12. സേവനദാതാക്കളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.
13. മാലിന്യം ട്രാൻസ്പോർട്ടേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ടു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മാലിന്യം ശേഖരിക്കുമ്പോൾ പരിസരത്ത് ഈച്ച, കൊതുക്, ലീച്ചേറ്റ് എന്നിവ മൂലം പരിസര മലിനീകരണം ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
14. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ

ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലി ക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/ പ്രോസസ്സിംഗ് ഫീസ് അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.

15. ഏജൻസികൾ എംപാനൽമെൻറിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത, KEIL-ലുമായുള്ള കരാർ എന്നിവ എംപാനൽമെൻ്റ് കാലാവധി തീരും വരെ തുടർന്നും ഉറപ്പുവരുത്തേണ്ടതാണ്.
16. സേവനദാതാക്കൾ മേൽ പറഞ്ഞ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതും അല്ലാത്തപക്ഷം, ടി സേവനദാതാക്കളുടെ അംഗികാരം റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതുമാണ്.
17. സർക്കാർ ശുചിത്വ മിഷൻ നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
18. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, സർക്കാർ/ ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ ടി അംഗീകാരം റദ്ദ ചെയ്യുന്നതിന് ശുചിത്വമിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

U.V.Jose IAS (Retd)

EXECUTIVE DIRECTOR

സ്വീകർത്താവ്,

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ (അറിവിലേയ്ക്കായി)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.